(ഡി) പ്രസ്തുത സ്ഥലങ്ങളിൽ നിന്നുള്ള മത്സ്യ ഉൽപ്പാദനം നിലച്ചുപോയിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഇ) ഫിഷറീസ് ഫാമുകളുടേയും വയലുകളുടേയും പ്രവർത്തനത്തിന് കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാർ ഉടമസ്ഥതയിലുള്ള ഫിഷ് ഫാമുകളിൽ നിന്നും, ഹാച്ചറിയിൽ നിന്നും ഉൽപ്പാദിപ്പിച്ച മത്സ്യക്കുഞ്ഞുങ്ങളുടെ ഇനം തിരിച്ചുള്ള കണക്ക് †അനുബന്ധം (എ)-യിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) ഫിഷറീസ് ഫാമുകളുടേയും വയലുകളുടേയും വിസ്തൃതി † അനുബന്ധം (ബി)-യിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ഡി) ഉൽപ്പാദനം നിലച്ചുപോയിട്ടില്ല.

(ഇ) ഉണ്ട്.

(എഫ്) പാലക്കാട് ജില്ലയിലെ മീങ്കര ഫിഷ് ഫാം, പത്തനംതിട്ട ജില്ലയിലെ പന്നിവേലിച്ചിറ ഫാം, നെയ്യാർഡാമിലെ ഫിഷ് സീഡ് ഫാം എന്നിവ മത്സ്യ കർഷക വികസന ഏജൻസിയുടെ കീഴിൽ പ്രവർത്തിക്കുന്നു. ഇതിന് 75% കേന്ദ്രസഹായവും 25% സംസ്ഥാന വിഹിതവും ഉൾപ്പെടുത്തിയാണ് തുക നൽകുന്നത്.

സുസുക്കി ഔട്ട് ബോർഡ് എഞ്ചിനുകൾ വാങ്ങിയ ഇടപാടിലുണ്ടായ ക്രമക്കേടുകൾ

89 [1775] ശ്രീ. ടി. കെ. ദേവകുമാർ:
„ കെ. പി. സതീശ്ചന്ദ്രൻ:
„ സാജുപോൾ:
„ മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡിനുവേണ്ടി സുസുകി ഔട്ട് ബോർഡ് എഞ്ചിനുകൾ വാങ്ങിയതു സംബന്ധിച്ചും ഇടപാടിലുണ്ടായ ക്രമക്കേടുകൾ സംബന്ധിച്ചും സർക്കാർ അന്വേഷണം നടത്തുകയുണ്ടായോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ക്രമക്കേടുകൾ നടന്നതായി കണ്ടെത്തുകയുണ്ടായി;

(സി) മത്സ്യഫെഡിന് വൻനഷ്ടം വരുത്തിവെച്ചതും മത്സ്യഫെഡ് ഭരണ സമിതിയെ മറികടന്നുകൊണ്ട് നടത്തിയതുമായ ഈ ഇടപാടിൽ കുറ്റക്കാരെ കണ്ടെത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി ആന്റ് സി) മത്സ്യഫെഡിൽ ഔട്ട് ബോർഡ് എഞ്ചിനുകൾ വാങ്ങിയതുമായി ബന്ധപ്പെട്ട ഇടപാടുകളെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടന്നുവരുകയാണ്.

പ്രവർത്തനക്ഷമമായ എല്ലാ എഞ്ചിനുകൾക്കും മണ്ണെണ്ണ നൽകുവാൻ നടപടി

90 [1776] ശ്രീ. പി. കെ. അബ്ദുറബ്ബ്:

„ വി. കെ. ഇബ്രാഹിം കുഞ്ഞ്:

„ കെ. കുട്ടി അഹമ്മദ് കുട്ടി:

„ ഇ. ടി. മുഹമ്മദ് ബഷീർ:

„ ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിനുള്ള മണ്ണെണ്ണ ലഭിക്കുന്നതിന് എഞ്ചിനുകളുടെ കാലപ്പഴക്കം മാനദണ്ഡമാക്കിയ പുതിയ നടപടിക്കെതിരെ മത്സ്യത്തൊഴിലാളികൾക്കുള്ള വ്യാപകമായ പ്രതിഷേധം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഈ പുതിയ മാനദണ്ഡം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രവർത്തനക്ഷമമായ എല്ലാ എഞ്ചിനുകൾക്കും മണ്ണെണ്ണ നൽകാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly